പി3/6266/19/CET 9.10.2019

**കോളേജ് ഓഫ് എഞ്ചിനീയറിംഗ്,ട്രിവാൻഡ്രം,തിരുവനന്തപുരം**

## ലേല നോട്ടീസ്

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ & മെക്കാനിക്കൽ വിഭാഗങ്ങളിലെ ഉപയോഗശൂന്യമായ ലോഹവസ്തുക്കളും, അലൂമിനിയംവസ്തുക്കളും താഴെപ്പറയുന്ന തീയതിക്ക് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

---

ലേല നമ്പർ : 01/P3/2019

വിശദവിവരങ്ങൾ www.cet.ac.in - എന്ന സൈറ്റിൽ ലഭ്യമാണ്.

**ലേല വസ്തുക്കൾ :**

**ലോഹ വസ്തുക്കൾ**

1. **സ്റ്റീൽ സ്ക്രാപ്പ് - 55,000 കിലോഗ്രാം**
2. **എം. എസ് സ്ക്രാപ്പ് - 400 കിലോഗ്രാം**
3. **എം. എസ് ടർണ്ണിംഗ് ചിപ്സ് - 180 കിലോഗ്രാം**

**അലൂമിനിയം**

1. **അലൂമിനിയം ബ്ലോക്ക് - 250 കിലോഗ്രാം**
2. **അലൂമിനിയം ചിപ്പ്സ് - 40 കിലോഗ്രാം**

**കൊട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി : 18 /10 /2019**

**ലേല തീയതി - 19/10/2019 - 11 a.m**

**ലേല സ്ഥലം - കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം, തിരുവനന്തപുരം**

## ലേല നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ 8000/- രൂപയുടെ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലം ഉറപ്പിക്കാത്തവരുടെ നിരദദ്രവ്യം ലേലത്തിനുശേഷം തിരിച്ചുനല്കുന്നതാണ് . തിരിച്ചറിയൽ രേഖ ഹാജരാക്കാത്തവരിൽ നിന്നും നിരതദ്രവ്യം സ്വീകരിക്കുന്നതല്ല.
2. ലേലം നടക്കുന്നതിനു മുൻപ് ലേല വസ്തുക്കൾ പരിശോധിച്ചു ബോധ്യപ്പെടേണ്ടതാണ്. ലേലം നടന്നതിന് ശേഷം ഉള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
3. ലേലത്തിൽ പങ്കെടുക്കുന്നവർ മാത്രമേ ലേലസ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളൂ. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
4. തിരിച്ചറിയൽ രേഖയായി വോട്ടർ കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ ഡ്രൈവിംഗ് ലൈസൻസ്, ഇന്ത്യൻ പാസ് പോർട്ട് ഇവയിലേതെങ്കിലും പരിഗണിക്കുന്നതാണ്.
5. ലേലം വിളിച്ച ഏറ്റവും കൂടിയ തുക പ്രിൻസിപ്പാളിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതും, അംഗീകാരം കിട്ടികഴിഞ്ഞാൽ ജി.എസ് ടി സഹിതം ഓഫീസിൽ അടച്ച രസീത് കൈപ്പറ്റേണ്ടതുമാകുന്നു. അല്ലാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതും ടി ലേലം രണ്ടാമതായി കൂടിയ

Draft #5 of File P3/6266/19/CET Approved by Principal on 10-Oct-2019 01:08 PM - Page 1

തുകക്ക് വിളിച്ച വ്യക്തിക്ക് സ്ഥിരപ്പെടുത്തുന്നതായിരിക്കും. ആ വ്യക്തിയും മേൽപറഞ്ഞ തുക അടച്ച രസീത് കൈപറ്റാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതും ടി ലേലം മൂന്നാമത്തെ കൂടിയ തുകക്ക് സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.ആദ്യത്തെ ഏറ്റവും കൂടിയ മുന്ന് തുകക്ക് ലേലം വിളിച്ച വ്യക്തികളുടെ നിരതദ്രവ്യം പിടിച്ചുവെക്കുന്നതും പിന്നീട് നല്കുന്നതുമായിരിക്കും. മുന്ന് പേരും തുക അടയ്ക്കാത്തപക്ഷം പുനർ ലേലം നടത്തുന്നതായിരിക്കും.

6. ലേല തീയതിക്ക് സർക്കാർ ഏതെങ്കിലും അവധി പ്രഖ്യാപിക്കുകയാണെകിൽ തൊട്ടടുത്ത പ്രവൃത്തി ദിവസത്തേക്ക് ലേലം മാറ്റി വെക്കുന്നതാണ്.
7. ലേല വസ്തുക്കൾ പരിശോധിക്കുന്നതിനായി കോളേജ് പ്രവൃത്തി ദിവസം രാവിലെ 10 മണിമുതൽ ഉച്ചക്ക് 2 മണിവരെ സെർജന്റിനെ സമീപിക്കാവുന്നതാണ്.
8. ലേലം ചെയ്യപ്പെട്ട വസ്തു ലേലംകൊണ്ട വ്യക്തി 7 പ്രവൃത്തി ദിവസത്തിനുള്ളിൽ സ്ഥാപനത്തിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.
9. ലേലത്തെ സംബന്ധിച്ച എന്ത് തീരുമാനം കൈകൊള്ളുന്നതിനും പ്രിൻസിപ്പാളിനു അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. ഈ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരോ, അവരുടെ ബന്ധുക്കളോ, അവരുടെ നോമിനികളോ ആരും തന്നെ ലേലത്തിൽ പങ്കെടുക്കരുത്.

**പ്രിൻസിപ്പാൾ**

**പകർപ്പ്:**

1. സർജന്റ്
2. ടെക്നിക്കൽ സ്റ്റോർ കീപ്പർ
3. വർക്ക്ഷോപ്പ് സൂപ്രണ്ട്
4. നോട്ടീസ് ബോർഡ്
5. സ്റ്റോക്ക് ഫയൽ & ഓഫീസിൽ കോപ്പി
6. www.cet.ac.in
7. Dr. ഗിരിജ. കെ ലാബ് ഇൻ ചാർജ് സ്ട്രെങ്ത് ഓഫ് മെറ്റീരിയൽസ് ലാബ്
8. അനിൽ T.R വർക്ഷോപ്പ് ഇൻസ്ട്രക്ടർ - മെക്കാനിക്കൽ
9. ഗേറ്റ്
10. വാർഡൻ, ഹോസ്റ്റൽ ഓഫീസ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം, തിരുവനന്തപുരം
11. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം, ബാർട്ടൺഹിൽ,തിരുവനന്തപുരം
12. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി .ഡബ്ല്യൂ .യു .ഡി ഓഫീസ്, എഞ്ചിനീയറിംഗ് കോളേജ് P.O, തിരുവനന്തപുരം
13. വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, മൺവിള
14. മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, പാങ്ങപ്പാറ, കാര്യവട്ടം P.O, തിരുവനന്തപുരം
15. സെക്രട്ടറി,തിരുവനന്തപുരം കോർപ്പറേഷൻ സോണൽ ഓഫീസ്, പോങ്ങുംമൂട് ജംഗ്ഷൻ, ഉള്ളൂർ P.O, തിരുവനന്തപുരം

150 YEARS OF CELEBRATING THE MAHATMA

Draft #5 of File P3/6266/19/CET Approved by Principal on 10-Oct-2019 01:08 PM - Page 2